പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

05.03.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 99

## ആഴക്കടൽ മീൻപിടിത്ത പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.രാജഗോപാലൻ<br>,, എസ്.ശർമ്മ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, കെ.ജെ. മാക്സി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | അയ്യപ്പൻ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിലും വിവിധ ഹൈക്കോടതികളുടെ ഇടപെടലിന്റെ ഫലമായും തീരദേശ സംസ്ഥാനങ്ങൾക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ആഴക്കടൽ മീൻപിടിത്ത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | രാജ്യത്തെ സമുദ്ര മത്സ്യബന്ധന വികസനത്തിന്റെ ദിശ നിർണ്ണയിക്കുന്ന നയമാണ് 2017 ഏപ്രിൽ 28-ാം തീയതി ഗസറ്റ് വിജ്ഞാപനത്തിലൂടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ആയത് പ്രകാരം മത്സ്യസമ്പത്തിന്റെ സമഗ്രമായ ഉപയോഗത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുമെന്നും ടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സഹായത്തോടെ നിലവിലുള്ള പരമ്പരാഗത ആഴക്കടൽ യന്ത്രവൽകൃത യാനങ്ങൾ നവീകരിക്കുകയും ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന പുതിയ യന്ത്രവൽകൃത യാനങ്ങൾ കടലിലിറക്കുകയും കൂടാതെ മത്സ്യത്തൊഴിലാളികൾക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടൊപ്പം മത്സ്യവിപണന കയറ്റുമതി ശൃംഖല വികസിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, ടി വിജ്ഞാപനവുമായി ബന്ധപ്പെട്ട് മത്സ്യബന്ധന മേഖലയിൽ ചില ആശങ്കകളും നിലനിൽക്കുന്നുണ്ട്. എൽ.ഒ.പി നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പിപിപി മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും, അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുള്ള നയത്തിലെ പ്രഖ്യാപനം ഈ മേഖലയിൽ മൾട്ടി നാഷണൽ കമ്പനികൾ കടന്നുവരുമെന്നുള്ള ആശങ്ക മത്സ്യത്തൊഴിലാളി മേഖലയിൽ നിലനിൽക്കുന്നുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതിക വിദ്യയും വൻതോതിൽ കടന്നുവരുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും എന്തൊക്കെ സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ആഴക്കടൽ മത്സ്യബന്ധനത്തിന് ഇതുവരെയും കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നാൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 10 മത്സ്യത്തൊഴിലാളികൾ വീതമടങ്ങുന്ന ഗ്രൂപ്പുകൾക്ക് ഒന്ന് എന്ന ക്രമത്തിൽ 500 യന്ത്രവൽകൃത സ്റ്റീൽ ബോട്ടുകൾ (ലോംഗ് ലൈനർ) അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഒരു ബോട്ടിന് 120 ലക്ഷം രൂപ എന്ന ക്രമത്തിലാണ് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. |
| (സി) | 1957 മുതൽ ഐ. സി. എ. ആർ. ന്റെ കീഴിൽ കൊച്ചിയിൽ പ്രവർത്തിച്ചുവരുന്നതും മത്സ്യബന്ധനം, മത്സ്യസംസ്കരണം, മത്സ്യവിപണനം, മത്സ്യബന്ധന മേഖലയ്ക്ക് വേണ്ട യന്ത്രങ്ങൾ, ഉപകരണങ്ങൾ, യാനങ്ങൾ തുടങ്ങി സമസ്ത മേഖലകളിലും സമഗ്ര സംഭാവന നൽകുന്നതുമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി( സി. ഐ. എഫ്. ടി. ) യുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ? | (സി) | കൊച്ചിയിലെ നിർദ്ദിഷ്ട പെട്രോ കെമിക്കൽ കോംപ്ലക്സിന് വേണ്ടി FACT യുടെ വസ്തു ഏറ്റെടുക്കുമ്പോൾ 10 ഏക്കർ ഭൂമി CIFT ന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം പരിഗണിക്കുന്നത് വ്യവസായ വകുപ്പായതിനാൽ ടി വകുപ്പിന് CIFT യുടെ നിവേദനം തുടർനടപടികൾ സ്വീകരിക്കുവാൻ കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ